ശ്രീ. യു.എ. ബീരാൻ : അപേക്ഷകരിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകണം. എക്സ്സർവ്വീസുകാർ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകണം. ഈ വിധത്തിലുള്ള എലിജിബിലിറ്റി നോക്കിയതിനുശേഷമാണ് ജില്ലാധികൃതർ തീരുമാനിക്കുന്നത്. അതുകൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മുൻഗണന നൽകാനുള്ള നിർദ്ദേശം നിലവിലുണ്ട്.

ശ്രീ. എം.കെ. കേശവൻ : 350 കാർഡുകൾ ഒരു കടയ്ക്കെന്ന് പറഞ്ഞു. വൈക്കത്തെ ഒരു കടയിൽ 1262 കാർഡുകൾ ഉണ്ട്. ആറുമാസത്തിലേറെയായി. ആളുകൾക്ക് സാധനങ്ങൾ വാങ്ങാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് അത് മൂന്നുകടകളാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. യു.എ. ബീരാൻ : അവിടെ സൗകര്യമുള്ള ഒരു സ്ഥലത്തു പുതിയ കട തുടങ്ങണമെന്ന് ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുകയാണെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : 2000 ആളുകൾക്ക് ഒരു റേഷൻ ഷോപ്പ് എന്നാണല്ലോ ഇൻഡ്യാ ഗവൺമെൻറിന്റെ നോംസ്. നമ്മുടെ സംസ്ഥാന ഗവൺമെൻറിന് ഇത് സ്വീകരിക്കുന്നതിനുള്ള വൈഷമ്യം എന്താണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. യു.എ. ബീരാൻ : അത് ഞാൻ അദ്യംതന്നെ പറഞ്ഞു. വൈഷമ്യമായതൊന്നുമില്ല. ഇരുപതിനപരിപാടിയിലെ 17-ാമത്തെ ഇനമായി ഈ ഉൾപ്പെടുത്തി 2000 ആളുകൾക്ക് ഒരു റേഷൻ ഷോപ്പുകൊടുക്കണമെന്നായിരുന്നു കേന്ദ്ര ഗവൺമെൻറിന്റെ നിർദ്ദേശം. ഇവിടെ ഇപ്പോൾ 1989 ആളുകൾക്ക് ഒരു റേഷൻ കടയുണ്ട്.

വില്പന നികുതി ചെക്കുപോസ്റ്റുകൾ

* 311. [337] ശ്രീ. പന്തളം സുധാകരൻ :
,, മണിമംഗലത്ത് കുട്ട്യാലി :
,, കെ. രാഘവൻ മാസ്റ്റർ :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അതിർത്തികളിലുള്ള വില്പന നികുതി ചെക്കുപോസ്റ്റുകൾ ഏതെല്ലാം ;

(ബി) ഈ ചെക്കുപോസ്റ്റുകളിൽ നിന്നുള്ള ശരാശരി വാർഷിക വരുമാനം എത്ര ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) സംസ്ഥാനത്തെ അതിർത്തികളിലുള്ള വിൽപ്പന നികുതി ചെക്കുപോസ്റ്റുകളുടെ പേര് അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(ബി) 1985-86-ലെ കണക്കനുസരിച്ച് 124.59 ലക്ഷം രൂപ.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : ചെക്കുപോസ്റ്റുകളിലാണ് ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് എന്ന് പലവട്ടം ഈ വേദിയിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ്. ഈ കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽക്കൂടി ഇങ്ങോട്ടുവരുന്ന വാഹനങ്ങൾ അവരുടെ സഹായത്തോടുകൂടി ഉള്ളിലേക്ക് കടത്തുന്നുയെന്ന് ഗവൺമെന്റു മനസ്സിലാക്കിക്കൊണ്ട് വിജിലൻസ് സ്ക്വാഡിനെക്കൊണ്ട് അവരെ സൂപ്പർ ചെക്ക് ചെയ്യാനുള്ള സംവിധാനം ചെയ്തിട്ടുണ്ട്. അതനുസരിച്ച് നിരവധി കേസുകൾ ഈ ഗവൺമെന്റ് പിടിച്ചിട്ടുണ്ട്.

ശ്രീ. മണിമംഗലത്തു കുട്ടപ്പാലി : ചെക്ക്പോസ്റ്റുകളുടെ മോശമായ പെർഫോർമൻസ് കണക്കിലെടുത്തുകൊണ്ട് കൂടുതൽ വിജിലൻസ് സ്ക്വാഡിനെ ഏർപ്പെടുത്തിക്കൊണ്ട് അതുസംബന്ധമായി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : സർ, നമ്മുടെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽപോലും ഇന്ന് നിലവിലുള്ള സംവിധാനങ്ങൾ വളരെ മോശമാണെന്ന് റവന്യൂ ബോർഡ് ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതനുസരിച്ച്, ആ ചെക്ക്പോസ്റ്റുകളിൽ സ്റ്റാഫിന്റെ സ്ട്രെംഗ്ത് വർദ്ധിപ്പിക്കുവാനും അവിടത്തെ സംവിധാനങ്ങളിൽ മാറ്റമുണ്ടാക്കുവാനും വേണ്ട നടപടികളെടുത്തിട്ടുണ്ട്. വാളയാർ, ആര്യങ്കാവ്, അമരവിള, മഞ്ചേശ്വരം തുടങ്ങിയ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ ഇന്നുള്ള സംവിധാനം മോശമാണെന്നും അതുകൊണ്ട് സൂപ്പർവൈസ് ചെയ്യുന്നതിന് പ്രയാസമുണ്ടെന്നും പറഞ്ഞിട്ടുണ്ട്. അതിനുള്ള എല്ലാ സംവിധാനങ്ങളും അടിയന്തിരമായി ചെയ്യാനും ഉദ്യോഗസ്ഥൻമാരുടെ സ്ട്രെംഗ്ത് വർദ്ധിപ്പിക്കുവാനും വേണ്ട നടപടികളെടുത്തിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർ മുഴുവനായി പരിശോധിച്ച് വരാത്തതുകൊണ്ട് ഏതു പോയിൻറിൽവച്ച് ആയാലുംശരി സൂപ്പർചെക്ക് ചെയ്യാനുള്ള സംവിധാനം ശക്തമാക്കിയിട്ടുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : അതിർത്തികളിൽ സ്ഥാപിക്കേണ്ട ചെക്ക്പോസ്റ്റുകളിൽ ചിലത് അതിർത്തിയിൽ സ്ഥാപിക്കാതെ സംസ്ഥാനത്തെ പഞ്ചായത്തുകളുടെ മദ്ധ്യത്തിലും മാറ്റും സ്ഥാപിക്കുന്നതുകൊണ്ട് അവിടത്തെ കൃഷിക്കാരുടെ ആവശ്യങ്ങൾക്കുവേണ്ടി കൊണ്ടുപോകുന്ന സാധനങ്ങൾപോലും തടഞ്ഞുവച്ച് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഇതിനെക്കുറിച്ച് ശ്രീ. രാഘവൻ മാസ്റ്റർടക്കമുള്ള പല എം. എൽ. എ. മാരും നിവേദനങ്ങൾ ഗവൺമെന്റിന് നൽകിയിട്ടുണ്ട്. ചില ചെക്ക്പോസ്റ്റുകൾ അതിർത്തിയിൽത്തന്നെ സ്ഥാപിക്കുവാൻ ചില ബുദ്ധിമുട്ടുണ്ട്. കഴിയുന്നത്ര, അതിർത്തിയിൽത്തന്നെ, എല്ലാ ചെക്ക്പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി, ഗവൺമെന്റിന് റിപ്പോർട്ടുതരാൻ റവന്യൂ ബോർഡിനോട് പറഞ്ഞിരിക്കുകയാണ്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : ചെക്ക്പോസ്റ്റുകളിൽക്കൂടി കൊണ്ടുപോകുന്ന സാധനങ്ങൾ വിലകുറച്ചുകാണിച്ച് സെക്കൻറ് കാളിറ്റിയെന്ന് എഴുതികൊണ്ട് സെയിൽസ്ടാക്സ് വെട്ടിച്ചുകൊണ്ടുപോകുന്നതിനെ കാളിറ്റിയെന്താണെന്ന് കണ്ടുപിടിച്ച് കേസ് ചാർജ് ചെയ്ത് ടാക്സ് ഈടാക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുണ്ട്. ഇത്തരം സാധനങ്ങൾ ധാരാളം ഈ ചെക്ക്പോസ്റ്റുകൾവഴി കടന്നുപോകുന്നുണ്ടെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കാളിറ്റി കുറഞ്ഞ സാധനങ്ങളും മാത്രമല്ല, മറ്റു പല സാധനങ്ങളും ഇങ്ങനെ കൊണ്ടുപോകുന്നുണ്ട്. ഉദാഹരണമായി വാഴക്കുല കൊണ്ടുപോകുന്നതിന്റെ അടിയിൽ സ്റ്റീൽ കൊണ്ടുപോകുന്നുണ്ട്. ഇത്തരം നൂറു ലോറികളും അമരവിള ചെക്ക്പോസ്റ്റിൽനിന്ന് പിടിക്കുകയുണ്ടായി. ഇങ്ങനെ വരുമ്പോൾ, ലോറികളും അൺലോഡ്ചെയ്തു ലോഡ് ചെയ്യുന്ന പ്രയാസമാണ്. അല്ലെങ്കിൽ കമ്പിയോ മറ്റോ കൊണ്ട് കുത്തിനോക്കുകയാണ് ചെയ്യുന്നത്. ഇതൊക്കെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ കുറിച്ച് ഗവൺമെന്റ് സജീവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ടാക്സിനെ സംബന്ധിച്ചിടത്തോളം കാളിറ്റി നോക്കിയല്ല, ബില്ലുണ്ടോ, ബില്ലിലുള്ള സാധനങ്ങളുണ്ടോ, ടാക്സ് വെട്ടിക്കുന്നുണ്ടോ എന്നൊക്കെ പരിശോധിക്കുക മാത്രമേ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്.

Dr. A. Subha Rao:—In view of the fact that the present sales tax check post in Bengra-Manjeswar which is an important one located nearly 4 to 5 kms. inside Kerala boarder, and in view of the fact that all the three check Posts—the Sales Tax check post, Excise and Motor Vehicles check post—are situated in the same side thereby creating traffic conjunction in delay leading to corruption and in view of the fact that there are no adequate parking space at the present side, may I know whether there is any proposal to shift at least this Sales Tax check post towards the Kerala boarder at Bengra-Manjeswar ? Whether there is enough space on either side of the road so as to enable the proper collection of the Sales Tax ? what are the steps that the Government are taking ?

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പറും കാസർകോട് മെമ്പറായ ശ്രീ. സി. ടി. അഹമ്മദ് അലിയും ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇപ്രാവശ്യം കാസർകോട് പോയപ്പോൾ അവിടത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി ഇതിനെക്കുറിച്ച് ചർച്ച ചെയ്തു. മെമ്പർ സൂചിപ്പിച്ച കാര്യം ഗവൺമെന്റിന് ബോദ്ധ്യമായിട്ടുണ്ട്. പ്രായോഗികമായി ഇതെങ്ങനെ നടത്താമെന്നതിനെക്കുറിച്ച് കാസർകോട് എം. എൽ. എ. യെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെയും വിളിച്ച് ചർച്ചചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. തോമസ് കല്ലമ്പള്ളി : ഇപ്പോൾ ചെക്ക്പോസ്റ്റിലെ ചാർജ് സെയിൽസ്ടാക്സ് ഓഫീസർ പദവിയുള്ള ഒരാളിന്റെ കയ്യിലാണ്. ചെക്ക്പോസ്റ്റിൽ നടക്കുന്ന അഴിമതികളും പരിഗണിച്ച് അൽപ്പംകൂടി ഉയർന്ന തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനെ ചെക്ക്പോസ്റ്റുകളുടെ ചാർജ് ഏൽപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : വളരെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലും ജൂനിയർ ഓഫീസർമാരാണ് ഇരിക്കുന്നത്. അത് അപ്ഗ്രേഡ് ചെയ്ത് ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥൻമാരെ നിയമിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മാഹി കേന്ദ്രമാക്കി വമ്പിച്ച സെയിൽസ്ടാക്സ് വെട്ടിപ്പ് നടക്കുകയാണ്. ആറു ചായക്കടകളും മാത്രമുള്ള മാഹിയിൽ നൂറിയാറ് ഹോൾസെയിൽ ബ്രാണ്ടി ഷാപ്പുകളുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ബ്രൗണ്ടി മുഴുവനും തലശ്ശേരിയും മാഹിയും വഴി കടത്തിക്കൊണ്ടു പോവുകയാണ് ചെയ്യുന്നത്. അതുകൊണ്ട് കർശനമായ ചെക്ക്പോസ്റ്റ് സംവിധാനം ഈ പ്രദേശങ്ങളിൽ ഏർപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : മാഹിയിലെ ജനസംഖ്യ തന്നെ മുപ്പതിനായിരമോ നാൽപ്പതിനായിരമോ വരും. ഫോറിൻ ലിക്കർ മാത്രമല്ല, വില്ലീസ് ജീപ്പോ അതുപോലുള്ള വാഹനങ്ങളുടെയോ പോലും സ്റ്റോർ അവിടെയാണ്. കേരളത്തിൽനിന്ന് അങ്ങോട്ടുമിങ്ങോട്ടും പോകുന്ന പല രീതിയിലുള്ള വാഹനങ്ങൾക്കും ഫോറിൻ ലിക്കറിനുമൊക്കെ പോണ്ടിച്ചേരിയിൽ ടാക്സ് കുറവായതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് കിട്ടേണ്ട ടാക്സ് വളരെയധികം നഷ്ടപ്പെടുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു പാരിറ്റി ഉണ്ടാകണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി തന്നെ ദക്ഷിണമേഖല കൗൺസിലിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ കേന്ദ്രഗവൺമെന്റ് ഇതുവരെ ഇതിനുള്ള അനുമതി തന്നിട്ടില്ല. കേരളത്തിൽ ഉപയോഗിക്കുന്നതെങ്കിലും ഏതു രീതിയിൽ നിയന്ത്രിക്കുവാൻ കഴിയുമെന്ന് ഗവൺമെന്റ് സജീവമായി പരിഗണിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ : കോയമ്പത്തൂർ കേന്ദ്രമാക്കി കേരളത്തിൽ വാളയാർ ചെക്ക്പോസ്റ്റുവഴിയാണ് സാധനങ്ങൾ വരുന്നത്. കഴിഞ്ഞ രണ്ടു മാസത്തിനകം എത്ര ലംഘനം നടത്തിക്കൊണ്ട് എത്ര ലക്ഷം രൂപയുടെ സ്പിരിറ്റും മറ്റു സാധനങ്ങളും വന്നിട്ടുണ്ട്. ശരാശരി അവിടത്തെ വരുമാന മെത്രയാണ് ?

ശ്രീ. തച്ചടി പ്രഭാകരൻ : എല്ലാ ചെക്ക്പോസ്റ്റുകളിൽ നിന്നും പിടിച്ച തിന്റെ വരുമാനത്തിന്റെ കണക്കാണ് പറഞ്ഞത്. ഓരോ ചെക്ക്പോസ്റ്റു കളിൽനിന്നുമുള്ള വരുമാനത്തിന്റെ കണക്ക് കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്. ഏറ്റവും കൂടുതൽ വാഹനങ്ങൾ കേരളത്തിൽ വരുന്നതുകൊണ്ട് കൂടുതൽ ടാക്സ് വെട്ടിക്കുന്ന ഒരു ചെക്ക് പോസ്റ്റെന്നുള്ള നിലയിൽ വാളയാർ ചെക്ക്പോസ്റ്റിൽ വളരെ കർശന മായി നിയന്ത്രിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : ചെക്ക്പോസ്റ്റെന്നു പറഞ്ഞാൽ വേലിതന്നെ വിളവുതിന്നുന്നു എന്ന അർത്ഥത്തിലാണ്. ശ്രീ. തച്ചടി പ്രഭാകരൻ മന്ത്രിയായതിനുശേഷം കർശനമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായിട്ട് കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഇത്തരം ചെക്ക്പോസ്റ്റുകളിലെ വരുമാനത്തിൽ ടാക്സിനത്തിൽ എത്ര രൂപ കൂടുതൽ കിട്ടിയിട്ടുണ്ടെന്ന് പറയാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ടാക്സിൽ എത്ര തുക വരുമാനമുണ്ടെന്ന് പറയാൻ പ്രയാസമാണ്. ടാക്സിൽ വരുമാനം വർദ്ധിച്ചുവെന്നുള്ളത് ശരിയാണ്. മുമ്പ് ചെക്ക്പോസ്റ്റുകളിൽ കൂടുതൽ നിയമനം വേണ്ടതായിരുന്നു ആവശ്യം. ഇപ്പോൾ ചെക്ക്പോസ്റ്റുകളിൽ നിയമനം വേണ്ടെന്നാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ചെക്ക്പോസ്റ്റ് കടന്നുവന്നതിനുശേഷം പത്തു കിലോമീറ്റർ, പതിനഞ്ചു കിലോമീറ്റർ പുറത്തുവച്ച് എക്സൈസ് ഡിപ്പാർട്ടുമെന്റുകാർ സ്പിരിട്ട് പിടിച്ചിട്ടുണ്ട്. ഏതു ചെക്ക്പോസ്റ്റു വഴിയാണോ വന്നത് അങ്ങനെയുള്ള ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥൻമാരെ ഇതിനെക്കുറിച്ച് അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : അതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഓരോ ചെക്ക് പോസ്റ്റിലും വിവിധ ഡിപ്പാർട്ടുമെന്റ് ചെക്ക് പോസ്റ്റുകൾ ഉണ്ട്. എക്സൈസിനും ഫോറസ്റ്റിനുമൊക്കെ ചെക്ക് പോസ്റ്റുണ്ട്. എല്ലാ ഡിപ്പാർട്ടുമെന്റുകളും ഇക്കാര്യത്തിൽ സഹകരിക്കാറില്ല, ഫോറസ്റ്റുകാർ പിടിച്ചാൽ ഫോറസ്റ്റിനുള്ളതുമാത്രം കൊണ്ടു പോകും, സെയിൽസ് ടാക്സുകാർ പിടിച്ചാൽ അവർക്കുള്ളതു മാത്രംകൊണ്ടുപോകും. ഈ ചെക്ക് പോസ്റ്റുകളെ സംബന്ധിച്ചിടത്തോളം ഒരു കോ-ഓർഡിനേഷൻ ഉണ്ടാകേണ്ടത് ഏറ്റവും വലിയ ആവശ്യമാണ്. എല്ലാ ഡിപ്പാർട്ടുമെന്റുകളും ഗവൺമെന്റിന്റെ കീഴിലാണ്. സഹകരിക്കാതിരിക്കുന്ന നിരവധി കേസുകളുണ്ട്. അതുകൊണ്ട് ഈ ഡിപ്പാർട്ടുമെന്റുകളെ കോ-ഓർഡിനേറ്റ് ചെയ്യാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ഏതെങ്കിലും ചെക്ക്പോസ്റ്റിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയോ ശിക്ഷിക്കുകയോ ചെയ്തിട്ടുണ്ടോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പറുടെ പാലക്കാട് നിയോജകമണ്ഡലത്തിൽതന്നെ രണ്ടുദ്യോഗസ്ഥന്മാരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്.

ശ്രീ. ജി. വരദൻ : சர் குமிளி செக்போஸ்டில் ஏழை தோட்டத் தொழிலாளிகள் தலைசுமடாக அரிசி கொண்டு வந்தால் அவர்களை பரிசோதனை செய்கிறார்கள். ஆனல் லாரியில் அரிசி கடத்திக் கொண்டு வருபவர்களை பரிசோதிப்பதில்லை. ஆகையால் அவர்கள்மீது நடவடிக்கை எடுக்கப்படுமா ?

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർക്കുമറിയാം, കള്ള കടത്തു നടത്തുന്നത് ലോറിയിൽ മാത്രമല്ല, തലച്ചുമടായിട്ടും കൊണ്ടുപോകും. അതുകൊണ്ട് ചെക്ക്പോസ്റ്റുകളിൽ പരിശോധന നടത്തുമ്പോൾ ലോറിയിൽ കൊണ്ടുപോകുന്ന സാധനങ്ങൾ മാത്രമല്ല, തലച്ചുമടായി കൊണ്ടുപോകുന്നതും എല്ലാ വിഭാഗത്തിലുമുള്ള സാധനങ്ങളും പരിശോധിക്കുന്നതാണ്.

കാർഷികാദായ നികുതിയിലും വിൽപന നികുതിയിലുമുള്ള അസസ്സ്മെന്റ് കുടിശ്ശിക

*312. [338] ശ്രീ. ടി. കെ. ഹംസ :
,, കെ. പുരുഷോത്തമൻ :
,, വി. ജെ. തങ്കപ്പൻ :
,, ഒ. ഭരതൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 സെപ്റ്റംബർ 30 അവസാനിച്ചപ്പോൾ കാർഷികാദായ നികുതി, വിൽപനനികുതി എന്നീ ഓരോ ഇനത്തിലും എത്ര അസസ്സ്മെന്റുകൾ കുടിശ്ശികയായിട്ടുണ്ട് ;

(ബി) അസസ്സ്മെന്റുകൾ കുടിശ്ശികയാവാനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഒരു ലക്ഷത്തിൽ കൂടുതൽ രൂപ വിൽപന നികുതി ഇനത്തിൽ ഈടാക്കേണ്ടതും ഒരു കൊല്ലമായിട്ടും അസസ്സ്മെന്റ് പൂർത്തിയാകാത്തതുമായ എത്ര കേസുകൾ ഉണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഇന്നു പൂട്ടിക്കിടക്കുന്ന വ്യവസായങ്ങളും പലതുമുണ്ട്. സ്റ്റീൽ ഇൻഡസ്ട്രിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട രാമൻ പറഞ്ഞു. അതിനെല്ലാം വേണ്ടി ഗവൺമെൻറ് ആവശ്യമായ നടപടിയെടുക്കുന്നതാണ്. ഇവിടെ തൊഴിലാളികളുടെ സ്ഥാനം നഷ്ടപ്പെട്ടുവെന്നു പറഞ്ഞു. അതിൽ യാതൊരു അർത്ഥവുമില്ല. ലേബർ ഡിപ്പാർട്ടുമെൻറിൽനിന്നും എനിക്കു കിട്ടിയ കണക്ക് അനുസരിച്ച് മാൻ ഡെയിസ് ലോസ്റ്റ് കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പരിമിതമാണ് ആ ഒരു വാക്കുകൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കാം. 1981-നും 1986-നും ഇടയ്ക്ക് മാൻ ഡെയിസ് ലോസ്റ്റിനെ സംബന്ധിച്ചിടത്തോളം കേരളത്തെയും മറ്റു പല സംസ്ഥാനങ്ങളെയും സംബന്ധിച്ച് ഒരു താരതമ്യ പഠനം നടത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. വെസ്റ്റ് ബംഗാളിൽ 1980-ലെ മാൻ ഡെയ്സ് ലോസ്റ്റ് 6.2 മില്യനാണ്. അതു 1985-ൽ 10.87 മില്യനാണ്. അതേസമയത്ത് ആന്ധ്രാപ്രദേശിൽ 1980-ൽ 0.6 എന്നുള്ളത് 2.17 ആയി. കേരളത്തെ സംബന്ധിച്ചിടത്തോളം ഞാൻ പറയുന്നത് കേരളത്തിൽ 1.2 മാൻ ഡെയ്സ് ലോസ്റ്റായിരുന്നു. 1980-ൽ. എന്നാൽ 1985-ൽ 0.27 മില്യൻ മാൻ ഡെയ്സ് ലോസ്റ്റ് എന്നുള്ള തരത്തിൽ വളരെ കുറച്ചുകൊണ്ടു വരികയാണ്. അതിനും ഈ ഗവൺമെൻറിനു കഴിഞ്ഞു എന്നുകൂടി അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഞാൻ എൻറെ വാക്കുകളും ഉപസംഹരിക്കുന്നു.

മി. സ്പീക്കർ: ഇന്നു 4 മണിക്കു ബഹുമാനപ്പെട്ട മുൻ രാഷ്ട്രപതി സഞ്ജീവ റെഡ്ഡിക്കു നൽകുന്ന സ്വീകരണത്തെ സംബന്ധിച്ച് മെമ്പേഴ്സിനു ക്ഷണകത്തു കിട്ടിയിരിക്കും. അതുകൊണ്ട് എല്ലാവരും 4 മണിക്കു തന്നെ എത്തിച്ചേരുന്നതു നന്നായിരിക്കും.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 നവംബർമാസം 13-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.47 നു പിരിഞ്ഞു.)

അനുബന്ധം I

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യം നമ്പർ *311 (337) കാണുക

സംസ്ഥാനത്തെ അതിർത്തികളിലുള്ള വിൽപ്പന നികുതി ചെക്ക് പോസ്റ്റുകൾ

തിരുവനന്തപുരം ജില്ല :

1. അമരവിള
2. ടൈൽ ഫാക്ടറി ജംഗ്ഷൻ
3. കളളിക്കാട്
4. മണ്ഡപത്തിൻകടവ്
5. പെരുങ്കടവിള
6. പെരുമ്പഴുതൂർ
7. കാഞ്ചിരംപഴിഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ജില്ല :

1. ആര്യങ്കാവ്

ഇടുക്കി ജില്ല :

1. കുമളി
2. കമ്പമേട്
3. ബോഡിമേട്ട്
4. ചിന്നാർ

തൃശ്ശൂർ ജില്ല :

1. തുമ്പൂർമുഴി

പാലക്കാട് ജില്ല :

1. വാളയാർ
2. ആനകട്ടി
3. ഗോവിന്ദപുരം
4. ഗോപാലപുരം
5. വേലന്താവളം
6. മീനാക്ഷിപുരം
7. നടുപ്പുണ്ണി

മലപ്പുറം ജില്ല :

1. മണിമൂളി
2. പത്തനാപുരം

കോഴിക്കോട് ജില്ല :

1. അഴിയൂർ ചുങ്കം

വയനാട് ജില്ല :

1. മുത്തങ്ങ
2. വടുവൻചാൽ
3. പാഴൂർ
4. കാർത്തികുളം
5. മുള്ളിയോട്

കണ്ണൂർ ജില്ല :

1. പറയം
2. മേക്കുന്ന്
3. കൂട്ടുപുഴ
4. പറാൽ
5. ന്യൂമാഹി

കാസർഗോഡ് ജില്ല :

1. രാജരാമേശ്വർ
2. ബക്കാർ
3. പെരള
4. അട്ടൂർ
5. ആലംതോട്

LIBRARY ARCHIVES Kerala Legislative Assembly